**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1435** **30-08-2022 - ൽ മറുപടിയ്ക്ക്**

**അരീക്കോട് ഐ.ടി.ഐ. നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലാക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | **(എ)** സംസ്ഥാനത്തെ ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലാക്കുന്നതിന് സർക്കാർ ഫണ്ട് ഉപയോഗിച്ചും കിഫ്ബി ഫണ്ട് ഉപയോഗിച്ചുമുള്ള പദ്ധതികൾ നിലവിലുണ്ട്. സർക്കാർ ഫണ്ട് ഉപയോഗിച്ച് ചാക്ക, കോഴിക്കോട് എന്നീ 2 ഐ.ടി.ഐ കളെയും കിഫ്ബി ഫണ്ട് ഉപയോഗിച്ച് ധനുവച്ചപുരം, ചന്ദനത്തോപ്പ്, ചെങ്ങന്നൂർ, ഏറ്റുമാനൂർ, കട്ടപ്പന, ചാലക്കുടി, കൊയിലാണ്ടി, കണ്ണൂർ, കയ്യൂർ, മലമ്പുഴ എന്നി 10 ഐ.ടി.ഐ കളെയും ആണ് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഏറനാട് മണ്ഡലത്തിലെ അരീക്കോട് ഐ.ടി.ഐ.യെ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നും എന്തെല്ലാം പ്രവൃത്തികളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുമോ; | (ബി) | **(ബി)** ഉൾപ്പെടുത്തിയിട്ടില്ല. |
| (സി) | ഇല്ലെങ്കിൽ ഐ.ടി.ഐ.കളെ നവീകരിക്കുന്നതിനുള്ള പദ്ധതിയിൽ അരീക്കോട് ഐ.ടി.ഐ.യെ കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | **(സി)** അരീക്കോട് ഐ.ടി.ഐ. യിൽ നിന്നും നവീകരണപ്രവൃത്തികൾക്കായി ശുപാർശകൾ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ